LIBRARY ARCHIVES Kerala Legislative Assembly

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ

61 (1497) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇക്കാലയളവിൽ എന്തെല്ലാം ഭൗതിക സാമ്പത്തിക നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലെ സ്ത്രീതൊഴിലാളികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) കഴിഞ്ഞ സർക്കാരിനെ അപേക്ഷിച്ച് ഇക്കാലയളവിൽ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) 2011-12 സാമ്പത്തിക വർഷം 90 ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത 104549 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് 1,000 രൂപ വീതം ധനസഹായം നൽകി. ഇതിലേക്കായി 10.46 കോടി രൂപ ചെലവഴിച്ചു. 2012-13 സാമ്പത്തിക വർഷം 100 ദിവസം ജോലിചെയ്ത എല്ലാ സ്ത്രീ തൊഴിലാളികൾക്കും ഓണത്തോടനുബന്ധിച്ച് 400 രൂപയിൽ അധികരിക്കാത്ത തുകയുള്ള ഓണക്കോടി വിതരണം ചെയ്യുന്നു. ഇതിലേക്കായി 13,61,24800 രൂപ സർക്കാർ അനുവദിച്ചു.

(ഡി) അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.